# വിവാഹം ഇസ്‌ലാമിൽ

28/01/2022

- വിവാഹത്തിന്റെ ചട്ടക്കൂട്ടിൽ കുടുങ്ങിക്കിടക്കാതെ തന്നെ സ്ത്രീപുരുഷൻമാർക്ക് ഒന്നിച്ച് ജീവിച്ച് കൂടെ എന്ന ചിന്തയാണ് പുതിയ കാലത്ത് പലരും ചോദിക്കുന്നത്.
- പാശ്ചാത്യരാജ്യങ്ങളിൽ പതിവുള്ള സംഭവമാണ്, ഇഷ്ടമുള്ള ഒരു പങ്കാളിയെ തെരഞ്ഞെടുക്കുന്നു, ഇഷ്ടമുള്ളിടത്തോളം കാലം ഒരുമിച്ച് ജീവിക്കുന്നു, മതി എന്ന് തോന്നുമ്പോൾ വേർപിരിയുന്നു. നിയമപരമായി അസാധുവായ ഒരു താൽക്കാലിക ബന്ധം.
- സ്വവർഗ വിവാഹം, ഇൻസെസ്റ്റ് ഇതെല്ലാം അംഗീകരിച്ച രാജ്യങ്ങൾ തന്നെ ഇന്നു നിയമങ്ങൾ ഭേതഗതി വരുത്തിക്കൊണ്ടിരിക്കുകയാണ്.
- എന്നാൽ പാശ്ചാത്യ രാജ്യങ്ങൾ ഉപേക്ഷിച്ച കൊണ്ടിരിക്കുന്ന കാര്യങ്ങൾ നമ്മുടെ നാട്ടിൽ പുരോഗമനം പറഞ്ഞ് ആളുകൾ പ്രചരിപ്പിക്കുന്ന കാലമാണിത്.
- സ്വവർഗ വിവാഹം ആവാം, കാമ പൂർത്തീകരണത്തിന് സ്വന്തം മാതാവിനെയും സഹോദരിയെയും സമീപിക്കാം.
- വിവാഹജീവിതത്തിന്റെ പ്രസക്തി ഒരു കൂട്ടം ആളുകൾ മനസ്സിലാക്കുകയും മറ്റൊരു വിഭാഗം നിരാകരിക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തൽ ഇസ്ലാം വിവാഹത്തെക്കുറിച്ച് പഠിപ്പിക്കുന്ന ഭാഗങ്ങൾ ശ്രദ്ധേയമാണ്.
- **വിവാഹം നബി (സ്വ) യുടെ സുന്നത്താണ്.**

عن عائِشَةَ، قالَتْ: قالَ رَسُولُ اللَّهِ ﷺ :النِّكاحُ مِن سُنَّتِي، فَمَن لَمْ يَعْمَلْ بِسُنَّتِي فَلَيْسَ مِنِّي، (إبن ماجة)
വിവാഹം എന്റെ സുന്നത്തിൽപ്പെട്ട കാര്യമാണ്. എന്റെ സുന്നത്ത് പ്രവാവർത്തികമാക്കത്തവൻ എന്നിൽ പെട്ടവനല്ല. (ഇബ്നു മാജ)

- **പ്രവാചകന്മാരുടെ സുന്നത്ത്.**

عن أبي أيوب الأنصاري: أربعٌ من سُنَنِ المرسلينَ الحياءُ والتَّعطرُ والسِّواكُ والنِّكاحُ (الترمذي)
നാല് കാര്യങ്ങൾ പ്രവാചകന്മാരുടെ സുന്നത്തിൽ പെട്ട കാര്യങ്ങളാണ്. ലജ്ജ, സുഗന്ധം ഉപയോഗിക്കുക, ദന്തശുദ്ധീകരണം, വിവാഹം

- ഈസാ നബി (അ) ഒഴികെ ബാക്കിയെല്ലാവരും വിവാഹം കഴിച്ചവരായിരുന്നു.
- **വിവാഹം എന്തിന്**

وَمِنْ آيَاتِهِ أَنْ خَلَقَ لَكُمْ مِنْ أَنْفُسِكُمْ أَزْوَاجًا لِتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُمْ مَوَدَّةً وَرَحْمَةً إِنَّ فِي ذَلِكَ لَآيَاتٍ لِقَوْمٍ يَتَفَكَّرُونَ (الروم: ٢١)

- **വിവാഹം കൊണ്ട് സാധ്യമാകുന്ന കാര്യങ്ങൾ**

1. പരസ്പരം സമാധാനം കണ്ടെത്തുക.
2. മനുഷ്യരുടെ ശാരീരിക ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ഇസ്ലാം അനുവദിച്ച തന്ന മാർഗമാണ് മതപരമായി നടക്കുന്ന വിവാഹം.
3. ശരിയായ രീതിയിൽ മനുഷ്യ വംശം നില നിൽക്കണമെങ്കിൽ സന്താനങ്ങളുണ്ടാവണം. ഇസ്ലാം മക്കളുണ്ടാവാൻ അനുവദിച്ച ഏക രീതി വിവാഹമാണ്.
4. മതബോധം സംരക്ഷിക്കാൻ വേണ്ടി.

- **വിവാഹത്തിലൂടെ മതം സംരക്ഷിക്കപ്പെടും.**

عن أنس بن مالك قال - ﷺ: من تزوَّجَ فقد أحرزَ شطرَ دينِهِ فليتَّقِ اللَّهَ في الشَّطرِ الثاني

ആർക്കെങ്കിലും അല്ലാഹു മതബോധമുള്ള ഒരു സ്ത്രീയെ ഇണയായി നൽകിയാൽ അവന്റെ ദീനിന്റെ പകുതി സംരക്ഷിക്കാൻ അല്ലാഹു അവനെ സഹായിച്ചു. ബാക്കി പകുതിയുടെ കാര്യത്തിൽ അവൻ അല്ലാഹുവിനെ സൂക്ഷിച്ച കൊള്ളട്ടെ.

عن أنس بن مالك : قال - ﷺ: إذا تَزَوَّجَ العبدُ فَقَدِ اسْتَكْمَلَ نِصْفَ الدِّينِ، فَلْيَتَّقِ اللهَ فيما بَقِيَ

അനസ് (റ) ഉദ്ധരിക്കുന്ന ഹദീസ്: അല്ലാഹുവിന്റെ അടിമ വിവാഹം കഴിച്ചാൽ അവന്റെ ദീനിന്റെ പകുതി പൂർത്തിയാക്കി. ബാക്കി പകുതി അവൻ അല്ലാഹുവിനെ സൂക്ഷിച്ച കൊള്ളട്ടെ.

- **ചാരിത്ര സംരക്ഷണം.**

- പുരുഷനെയും സ്ത്രീകളെയും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് പരസ്പരം ആകർശിക്കുന്ന രീതിയിൽ ആണ്.

عن أسامة بن زيد- قال - ﷺ :ما تَرَكْتُ بعدي فِتنةً أضَرَّ مِن فِتنةِ النِّساءِ للرِّجالِ

എന്റെ കാല ശേഷം പുരുഷന്മാർക്ക് നേരിടേണ്ടി വരുന്ന ഏറ്റവും വലിയ ഫിത്ന സ്ത്രീകളാണ്.

- പിശാചിന്റെ രൂപത്തിൽ വരും.

عن جابر بن عبدالله:- قال - ﷺ: إنَّ المرأةَ تُقْبِلُ في صورَةِ شيطانٍ، وتُدْبِرُ في صورةِ شيطانٍ، فإذا رأى أحدُكُم امرأةً أعجبَتْهُ فليأْتِ أَهْلَهُ، فإنَّ ذلِكَ يرُدُّ ما في نفسِهِ

പിശാച് തെറ്റിലേക്ക് പ്രേരിപ്പിക്കുമ്പോൾ തന്റെ ആഗ്രഹങ്ങൾ സഫലീകരിക്കാൻ കുടുംബത്തിലേക്ക് മടങ്ങുക.

- **സൽകർമ്മങ്ങൾ വർദ്ധിപ്പിക്കുന്നതിന്**

- വിവാഹം കേവലം വികാര പൂർത്തീകരണത്തിനുള്ള വഴി മാത്രമല്ല.

- വിവാഹത്തിലൂടെ ധാരാളം നന്മകൾ നേടിയെടുക്കാൻ സാധിക്കുന്നു.
- ദരിദ്രന്മാരായ ആളുകൾ നബി (സ്വ) യോട് വന്നു പരാതി പറഞ്ഞു: പ്രതിഫലമെല്ലാം സമ്പന്നർ കൊണ്ടു പോകുന്നു. അവർ ഞങ്ങളെപ്പോലെ ആരാധനകൾ അനുഷ്ഠിക്കുന്നു. അവരുടെ സമ്പത്ത് സാധുക്കൾക്ക് നൽകുകയും ചെയ്യുന്നു.
- അപ്പോൾ നബി (സ്വ) അവരോട് പറഞ്ഞു:

عن أبي ذر الغفاري :أَوَلَيْسَ قَدْ جَعَلَ اللهُ لَكُم مّا تَصَدَّقُونَ بِهِ؟

എന്നാൽ ദാനധർമ്മമായി നൽകുന്നതിന് അല്ലാഹു നിങ്ങൾക്ക് ചിലത് നിശ്ചയിച്ചു തന്നിട്ടില്ലേ?

إِنَّ بِكُلِّ تَسْبِيحَةٍ صَدَقَةً، وَبِكُلِّ تكبيرةٍ صدقةً، وبِكلِّ تحميدةٍ صدقةً، وبِكلِّ تهليلةٍ صدقةً، وَأَمرٌ بِالمَعرُوفِ صَدَقَةٌ، ونَهْيٌ عنِ المنكرِ صدقةٌ، وفي بُضْعِ أَحَدِكُم صدقةٌ.

തസ്ബീഹ് സ്വദഖയാണ്, തക്ബീർ സ്വദഖയാണ്, തഹ്മീദ് സ്വദഖയാണ്, തഹ്ലീൽ സ്വദഖയാണ്, നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലും സ്വദഖയാണ്. ഭാര്യയുമായി ബന്ധപ്പെടുന്നതു പോലും സ്വദഖയാണ്.

قالوا: يا رسولَ اللهِ أَيَأْتِي أَحَدُنا شَهْوَتَهُ وَيكونُ له فيها أَجْرٌ؟

ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നതിനും പ്രതിഫലമോ?

قال: أَرَأَيْتُمْ لَوْ وَضَعَها فِي الحرامِ أَلَيْسَ كان يكونُ عليْهِ وِزْرٌ؟ فَكَذَلِكَ إِذا وَضَعَها فِي الْحَلالِ يكونُ لَهُ أجرٌ

ഹറാമായാ മാർഗത്തിലൂടെ ആവശ്യ പൂർത്തീകരണം നടത്തിയാൽ ശിക്ഷ ലഭിക്കില്ലേ? അതു പോലെ ഹലാലായ മാർഗത്തിലൂടെ പ്രവർത്തിക്കുമ്പോൾ പ്രതിഫലം ലഭിക്കുന്നു.

- വിവാഹ ജീവിതത്തിൽ ധാരാളം നന്മകൾ നേടാൻ നമുക്ക് സാധിക്കുന്നു.
- ഭാര്യയുടെ വായിൽ വെച്ചു കൊടുക്കുന്ന ഓരോ ഉരുളയും സ്വദഖയാണ്.
- രാത്രി ഉറങ്ങുന്ന ഭർത്താവിനെ വിളിച്ചുണർത്തി നമസ്കാരിക്കുന്ന ദമ്പതികൾ.
- **വിവാഹം കഴിച്ചവരോട്, കഴിക്കാനിരിക്കുന്നവരോട്**
- വിവാഹം കഴിച്ചവർ ഈ ലക്ഷ്യങ്ങളെല്ലാം വിവാഹ ജീവിതത്തിലൂടെ സാധ്യമാകുന്നുണ്ടോ എന്നു പരിശോധിക്കണം.
- വിവാഹത്തിന് ഒരുങ്ങുന്നവരും കഴിക്കാൻ പോകുന്നവരും ഈ കാര്യങ്ങൾ പഠിച്ച് കുടുംബ ജിവതത്തിലേക്ക് പ്രവേശിക്കണം.
- കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത് വിവാഹം കഴിക്കുന്നതിലൂടെയാ ണ്.

- വിവാഹം പവിത്രമായ ആരാധനയാണ്. ആഭാസമല്ല.
- വധു വരന്മാർ പരസ്പരമുള്ള ശക്തമായ കരാർ..
- കുടുംബ ജീവിതത്തിലെ സമാധനത്തിന് വിവാഹാലോചന മുതൽ ശ്രദ്ധിക്കണം.
- **വിവാഹത്തിൽ പരിഗണന നൽകേണ്ടത് എന്തിന്..?**

حديث أبي هريرة عن النبي ﷺ قال : تُنْكَحُ المَرْأَةُ لأَرْبَعٍ :لِمالِها، ولِحَسَبِها، وجَمالِها، ولِدِينِها، فاظْفَرْ بذاتِ الدِّينِ تَرِبَتْ يَداكَ (البخاري ، ومسلم)

നബി (സ്വ) പറഞ്ഞു: നാല് കാര്യങ്ങൾ അടിസ്ഥാനമാക്കി ഒരു സ്ത്രീ വിവാഹം കഴിക്കപ്പെടുന്നു, അവളുടെ ധനം,കുടുംബ മഹിമ, സൌന്ദര്യം, മത ബോധം, നീ മതബോധത്തിന് പ്രാധാന്യം നൽകുക, നിന്റെ കൈയ്യിൽ മണ്ണ് പുരണ്ടാലും.

- **പുരുഷനും വേണം മത ബോധം.**

അബൂ ഹുറൈറ (റ) നിവേദനം.നബി (സ്വ) പറഞ്ഞു: മതബോധവും സൽസ്വഭാവവുമുള്ള ഒരാൾ വിവാഹാലോചനയുമായി വന്നാൽ നിങ്ങൾ വിവാഹം കഴിച്ച് കൊടുക്കുക. അല്ലെങ്കിൽ ഭൂമിയിൽ കുഴപ്പങ്ങളും പ്രയാസങ്ങളും ഉണ്ടാവും.

- **മഹർ നിർബന്ധം.. സ്ത്രീധനം നിഷിദ്ധം.**

وَآتُواْ النَّسَاء صَدُقَاتِهِنَّ نِحْلَةً .

- സ്ത്രീധനം രഹസ്യമായോ പരസ്യമായോ വാങ്ങുന്ന രീതി ഒഴിവാക്കണം. സ്ത്രീധനം വാങ്ങില്ല കൊടുക്കില്ല പ്രോത്സാഹിപ്പിക്കില്ല എന്ന് തീരുമാനമെടുക്കുക.
- പുരുഷനാണ് ചിലവഴിക്കേണ്ടത്..

الرِّجَالُ قَوَّامُونَ عَلَى النِّسَاء بِمَا فَضَّلَ اللّهُ بَعْضَهُمْ عَلَى بَعْضٍ وَبِمَا أَنفَقُواْ مِنْ أَمْوَالِهِمْ

- **വിവാഹം ലളിതമാവണം.**

عن عقبة بن عامر قال: قال رسول الله -صلى الله عليه وسلم-: «خير النكاح أَيْسَرُه

ഏറ്റവും നല്ല വിവാഹം ഏറ്റവും ചിലവ് കുറഞ്ഞതാണ്.

- **ഇന്ന് നമ്മുടെ നാട്ടിൽ നടക്കുന്ന വിവാഹങ്ങളോ.?**
- ആഭാസവും, തോന്നിവാസവും, ദൂർത്തും, മത്സരവും, പെരുമനടിക്കലും, കൂടിക്കലരുകളും, പ്രകടനപരതയുമാണ്.
- ഇസ്ലാം നിഷിദ്ധമാക്കിയ സംഗീതം, മദ്യം, നൃത്തം,നഗ്നതാ പ്രദർശനം.

وَمِنَ النَّاسِ مَن يَشْتَرِي لَهْوَ الْحَدِيثِ لِيُضِلَّ عَن سَبِيلِ اللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا أُولَئِكَ لَهُمْ عَذَابٌ مُّهِينٌ (لقمان ٦)

- **വിവാഹമാകുമ്പോൾ എല്ലാം അനുവദനീയമാക്കുകയാണ്..**

لَيَكونَنَّ مِن أُمَّتي أقْوامٌ يَسْتَحِلُّونَ الحِرَ والحَرِيرَ، والخَمْرَ والمَعازِفَ (البخاري)
എന്റെ സമുദായത്തിൽ നിന്നും ഒരുവിഭാഗം ഉണ്ടാകും, അവർ വ്യപിചാരവും, പട്ടും, മ്യൂസികും, മദ്യവും അനുവദനീയമാക്കും.
മറ്റൊരു ഹദീസ്..

عَنْ أَنَسِ بْنِ مالِكٍ قالَ قالَ رَسُولُ اللَّهِ ﷺ صَوْتانِ مَلْعُونانِ صَوْتُ مِزْمارٍ عِنْدَ نِعْمَةٍ وصَوْتُ وَيلٍ عِنْدَ مُصِيبَةٍ إسْناده حسن
രണ്ടു ശബ്ദങ്ങൾ ശാപത്തിന് കാരണമാകും. അനുഗ്രഹത്തിന്റെ സന്ദർഭത്തിൽ മ്യൂസിക്ക് പോലെയുള്ളത് ഉപയോഗിക്കുന്നത്. പ്രയാസം വരുന്ന സന്ദർഭങ്ങളിൽ ശാപത്തിന്റെ വാക്കുകകൾ ഉപയോഗിക്കുന്നത് .

- മറ്റുള്ളവർ എന്ത് ചെയ്യുന്നുവോ അതിനേക്കാൾ ഗംഭീരമാക്കാൻ കടം വാങ്ങിയും, പൊങ്ങച്ചവും, ദൂർത്തും കാണിക്കാൻ തയാറാവുന്നു.
- ഒരു നേരത്തെ ഭക്ഷണത്തിന് പോലും വകയില്ലാത്ത ലക്ഷങ്ങൾ നമ്മുടെ ഇടയിൽ ജീവിക്കുമ്പോൾ ഭക്ഷണവും,മറ്റു സാധനങ്ങളും ദൂർത്തടിച്ച് പാഴാക്കുന്നത്.
- അല്ലാഹു പറയുന്നു..

وَلاَ تُبَذِّرْ تَبْذِيرًا إِنَّ الْمُبَذِّرِينَ كَانُواْ إِخْوَانَ الشَّيَاطِينِ وَكَانَ الشَّيْطَانُ لِرَبِّهِ كَفُورًا (سورة الإسراء ٢٦.٢٧)
وَلاَ تُسْرِفُواْ إِنَّهُ لاَ يُحِبُّ الْمُسْرِفِينَ. (أعراف ٣١)

- വിവാഹത്തിന്റെ പേരിൽ സമൂഹം കാട്ടിക്കൂട്ടുന്ന തോന്നിവാസങ്ങൾ അവസാനിപ്പിക്കണം,
- പടക്കം പൊട്ടിച്ചും, വധു വരന്മാരെ ആംബുലൻസിലും jcb യിലും, ഉന്തു വണ്ടിയിലും പന്തലിലേക്ക് കൊണ്ടു വരുന്നതും...
- അനാവശ്യമായി ഭക്ഷണ വിഭവങ്ങളും പാനീയങ്ങളും പലഹാരങ്ങളും കൊണ്ട് ദൂർത്തടിക്കുന്നതുമെല്ലാം കടുത്ത നന്ദികേടാകുന്നു...
- നന്ദികേടിനു ലഭിക്കുന്ന ശിക്ഷ കഠിനമായിരിക്കും...

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

https://sufaraulislam.com/index